**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 13

25/04/2017 - ൽ മറുപടിക്ക്

**ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ആർ.രാജേഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ആശ്രയ പദ്ധതി (Destitute Identification & Rehabilitation Programme) യുടെ ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന സർവ്വെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ഡി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ പുതുതായി ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ